# THE BIBLE TRUTH

MARCH YEAR: 2022



# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 38** | **March 2022** | **No.03**


## എഡിറ്റോറിയൽ

ലോകത്തിൽ വെച്ചു ഏറ്റവും പുരാതനമായ ഗ്രന്ഥം, പല രീതിയിൽ നശിപ്പിക്കാൻ ശ്രമിച്ചിട്ടും ഇന്നും നിലനില്ക്കുന്നതും മാറ്റങ്ങൾ ആവശ്യമില്ലാകത്തതുമാണ് ബൈബിൾ. ചിലർ അതിന്റെ കോപ്പികൾ അഗ്നിക്കിരയാക്കിയിട്ടുണ്ട്, കടവിൽ ഒഴുക്കിക്കളഞ്ഞിട്ടുണ്ട്. എങ്കിലും വീണ്ടും ഏറ്റവും കൂടുതൽ കോപ്പികൾ വിറ്റഴിക്കപ്പെടുന്നതും ഏറ്റവും കുടുതൽ ഭാക്ഷകളിൽ തർജ്ജിമ ചെയ്തിട്ടുള്ളതും ബൈബിൾ മാത്രമാണ്. ഈ പുസ്തകം സർവ്വ മനുഷ്യർക്കും പ്രയോജനപ്പെടുന്നതാണ്. അതിലെ എഴുത്തുകൾ ആർക്കും പരിശോധിക്കാവുന്നതാണ്. അതിശയകരമായ തെളിവുകൾ ധാരാളം അതിലുണ്ട്. അതിൽ വൈപരീത്യമില്ല എന്നതു മുഖ്യകാര്യമാണ്. ഒന്നിനൊന്നു ഒത്തിണങ്ങുന്നതും പുരോഗമിക്കുന്നതും തുടരുന്നതുമായ സംഭവങ്ങളാണ് അതിലുള്ളത്. വൈവിധ്യങ്ങളിൽ ഐക്യത കൈവരിക്കുന്ന പുസ്തകമാണ് സത്യവേദപുസ്തകം. അനവധി പേർ പ്രത്യേകിച്ചു വിമർശിക്കുന്നവരും അവിശ്വാസികളും ബൈബിളിൽ തെറ്റുകൾ ഉണ്ടോ എന്നു ചുഴിഞ്ഞു നോക്കിയിട്ടുണ്ട്. പക്ഷെ നോക്കുന്തോറും വീണ്ടും വായിക്കുന്തോറും അതിശയകരമായ തെളിവുകൾ ആണ് അവർക്കു കണ്ടെത്താൻ കഴിയുന്നത്. ഒരു വിഷയം പത്തുപേർക്ക് എഴുതുവാൻ കൊടുത്താൽ അവർക്കു യോജിപ്പു പ്രകടിപ്പിക്കാൻ കഴിയുകയില്ല. പിന്നെ നിരവധി വിഷയങ്ങൾ കൊടുത്താൽ എന്തായിരിക്കും സ്ഥിതി എന്ന് ആലോചിക്കാവുന്നതാണ്.

നാല്പതു എഴുത്തുകാർ വിവധ കാലഘട്ടത്തിൽ ജീവിച്ചവർ പല പശ്ചാത്തലത്തിലുള്ളവർ, വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും, പല തൊഴിലുകൾ ചെയ്തിരുന്നവരാണ് ഇതൊക്കെ എഴുതിയത്. അതാണ് ബൈബിളിനെ പ്രത്യേകതയുള്ളതാക്കി മാറ്റുന്നത്.

ബൈബിളിൽ തെറ്റു പറ്റാതിരിക്കാൻ കാരണങ്ങൾ ഉണ്ട്. അവയിൽ ഒന്ന് അതിലെ പ്രവചനങ്ങളാണ്. മുന്നൂറിലധികം പ്രവചനങ്ങൾ ഭാവിയെ സംബന്ധിച്ച് പ്രവചിക്കയും നിറവേറുകയും ചെയ്തിട്ടുണ്ട്. ഭൂതകാലത്തെയും വർത്തമാനകാലത്തെയും മനുഷ്യർക്ക് അറിയാം. എന്നാൽ ഭാവി കൃത്യമായി പ്രവചിക്കുവാൻ മനുഷ്യർക്കു സാധ്യമല്ല. എന്നാൽ അതു ദൈവത്തിനു സാധ്യമത്രെ. പട്ടണങ്ങളെക്കുറിച്ചും പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അവയെല്ലാം നിറവേറുകയും ചെയ്തിട്ടുണ്ട്. യേശുവിനെക്കുറിച്ചും ധാരാളം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അവയെല്ലാം നിറവേറുകയും ചെയ്തിട്ടുണ്ട്. പട്ടണങ്ങളിൽ യെരീഹോ പട്ടണം നശിപ്പിക്കപ്പെടുകയും പുതുക്കിപ്പണിയുകയും ചെയ്യും എന്നു മുന്നറിയിച്ചിരുന്നു. അതു പുതുക്കിപ്പണിയുമ്പോൾ അതിന്റെ ഉത്തരവാദികൾക്കു സംഭവിക്കുന്നതിനേയും മുന്നറിയിച്ചിരുന്നു. അഞ്ഞൂറു വർഷങ്ങൾക്കു ശേഷം അങ്ങനെ സംഭവിക്കയുണ്ടായി. ആ പട്ടണം പുതുക്കിപ്പണിത ബേഥാല്യന്റെ ആദ്യജാതനും ഇളയ മകനും മരിക്കുകയുണ്ടായി (1 രാജാക്കന്മാർ 16:34). സോരിനെക്കുറിച്ചു പ്രവചിച്ചത് അനേക ദേശക്കാർ അവളെ ആക്രമിക്കും എന്നാണ്. അതു ബാബേലും, ക്രേത്തയും, റോമും, തുർക്കിയും അവരെ ആക്രമിച്ചപ്പോൾ നിറവേറി. അതുപോലെ ബാബേലിനെക്കുറിച്ചും നിനെവെയെക്കുറിച്ചും പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ട്. ബാബേലിന്റെ അല്ലെങ്കിൽ കൽദെയയുടെ ഉയർച്ചയെയും താഴ്ച്ചയെയും പാലസ്തീനിലെ രണ്ടു പ്രവാചകന്മാർ പ്രവചിച്ചിരുന്നു. അതും അങ്ങനെ തന്നെ സംഭവിക്കുയുണ്ടായി.

ബൈബിളിലെ പുസ്തകങ്ങളുടെ ലേഖകന്മാർ അവരുടെ എഴുത്തുകൾ പരസ്പരം യോജിക്കുന്ന വിധത്തിൽ എഴുതിയതു യാദൃശ്ചികമായി സംഭവിച്ചതല്ല. ദൈവമനസ്സിനാൽ നിയന്ത്രിക്കപ്പെട്ടതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ടാണ് എല്ലാ തിരുവെഴുത്തും ദൈവശ്വാസിയും എന്നു പറയാൻ കാരണം. അതിനർത്ഥം ദൈവമാണ് അവരെ അവ എഴുതുവാൻ പ്രേരിപ്പിച്ചത്. പ്രവ

ചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. പരിശുദ്ധാത്മ നിയോഗത്താൽ മനുഷ്യരെ നിയന്ത്രിക്കുകയായിരുന്നു എന്നർത്ഥം. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്നാൽ ദൈവത്തിന്റെ വചനം ഒരിക്കലും ഉതിർന്നു പോകയില്ല. ദൈവ വാഗ്ദാനങ്ങളും കല്പനകളും മുന്നറിയിപ്പുകളും ഉള്ള ദൈവവചനം മാത്രമാണ് സത്യം. അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനെ നല്കി അവരെ സകലസത്യത്തിലും വഴി നടത്തി. അതിനെ അത്ഭുതങ്ങളാലും വീര്യ പ്രവൃത്തികളാലും ദൈവം ഉറപ്പിക്കയും ചെയ്തു. പൂർണ്ണമായ സത്യം മനുഷ്യരുടെ രക്ഷക്കായിട്ടുള്ളത്. അതു ക്രിസ്തുവിന്റെ സുവിശേഷമാണ്. ഇതല്ലാതെ മറ്റൊരു സുവിശേഷം അറിയിക്കുന്ന വൻ ശപിക്കപ്പെട്ടവനാണ്. ക്രിസ്തുവിന്റെ ഉപദേശം ആയ പുതിയ നിയമം നമ്മുടെ ജീവിത മാർഗ്ഗരേഖയാക്കി നാം എടുക്കണം.

ദൈവവചനം അങ്ങനെ തന്നെ നാം മനസ്സിലാക്കി പ്രായോഗി കമാക്കിയാൽ, പുതിയ നിയമകല്പനകൾ നാം പ്രമാണിച്ചാൽ അതിന്റെ ഫലം നമുക്ക് അനുഭവിക്കാൻ കഴിയും. വിശ്വസനീയമായ തെളിവുകൾ ബൈബിളിനകത്തും പുറത്തും ലഭ്യമാണ്. പുരാവസ്തു ശാസ്ത്രത്തിൽ കണ്ടെടുത്തവയിൽ മുഖ്യമായ ചാവുകടൽ ചുരു ളിൽ നിന്ന് പഴയ നിയമ എഴുത്തുകൾ പരിശോധിക്കാവുന്നതാണ്. തർജ്ജിമകളിൽ വന്നിട്ടുള്ള അപാകതകൾ നീങ്ങപ്പെടുന്നതു മൂലഭാ ഷയിലെ കയ്യെഴുത്തു പരിശോധിക്കുമ്പോഴാണ്. കണ്ടെടുക്കപ്പെട്ട പുരാവസ്തുക്കളിൽ പല മേലെഴുത്തുകളും ബൈബിളിന്റെ ആധി കാരികതയെ ഉറപ്പിക്കുന്നതാണ്. എല്ലാ തലമുറകൾക്കും ആവശ്യ മായ സന്ദേശങ്ങൾ തിരുവചനത്തിലുണ്ട്. ചരിത്രപരമായി, ശാസ്ത്രീ യമായി വിശ്വസിക്കുവാൻ പറ്റിയ ഗ്രന്ഥമാണ് ബൈബിൾ. മനുഷ്യരെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും ആയ വചനത്തെ തള്ളിക്കള യാതെ അനുസരിക്കുകയാണ് വേണ്ടത്. നമ്മുടെ ആത്മാവിനു നിത്യ ജീവൻ ലഭിക്കാൻ വചനമല്ലാതെ മറ്റൊന്നില്ല. നിങ്ങൾ വചനം അനു സരിക്കുവാൻ ഈ പുതുവർഷത്തിൽ വീണ്ടും അവസരം നല്കിയി രിക്കയാണ്. അതനുസരിച്ചു പുതുക്കമുള്ള ജീവിതം നയിക്കുവാൻ തീരുമാനം എടുക്കുമല്ലൊ.

✶

# കൊടുക്കുന്നതിനാൽ ലഭിക്കുന്ന സന്തോഷം

അൻപത് വർഷങ്ങൾക്ക് മുൻപ് വിധവയായിത്തീർന്ന ഒരു സ്ത്രീ തമിഴ്നാട്ടിലെ ഒരു കൊച്ചു ഗ്രാമത്തിൽ പാർക്കുന്നു. 1963-ലെ വൈദ്യപരിശോധനയിൽ താൻ ഒരു ക്യാൻസർ രോഗിയാണെന്ന് മനസ്സിലാക്കുകയും അതിനുള്ള ചികിത്സക്കായി ചെന്നയിൽ എത്തിച്ചേരുകയും ചെയ്തു. രോഗം നിയന്ത്രിതമായതിനാൽ ദൈവത്തെ സ്തുതിക്കുന്നു. ഭർത്താവിന്റെ മരണസമയത്ത് ഡൽഹിയിൽ ആയിരുന്ന സ്ത്രീ പിന്നീട് തന്റെ വീടും സ്ഥലവും വിറ്റു തെക്കേ ഭാരതത്തിലേക്ക് താമസം മാറ്റി. പുതിയ ദേശത്ത് ജീവിത സന്താരണത്തിനായി ജോലി ചെയ്യുവാൻ തുടങ്ങി. ആ ജോലി ഇതായിരുന്നു. വീട്ടിൽ ഇഡലി ഉണ്ടാക്കി അയൽക്കാർക്ക് വിറ്റുപോന്നു. പിന്നീട് ഒരു ലേഡി ഡോക്ടറുടെ സഹായിയായി ജോലി ചെയ്തു. തന്റെ അദ്ധ്വാനത്തിലൂടെ നേടിയ അയ്യായിരം രൂപ പോസ്റ്റോഫീസ് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിച്ചു. തുടർന്നുള്ള കഠിനാദ്ധ്വാനവും സമ്പാദ്യശീലവും മുഖാന്തരം മൂവായിരം രൂപ കൂടെ നിക്ഷേപത്തോടു കൂട്ടുവാൻ കഴിഞ്ഞു.

തന്റെ ബാല്യം മുതൽ പൂർവ്വീകരുടെ മതത്തെക്കുറിച്ച് മാത്രമേ അറിഞ്ഞിരുന്നുള്ളു. 2002-ൽ ജീവിതത്തിൽ 70 വയസ്സിന് ശേഷം ക്രിസ്തുവിനെക്കുറിച്ച് കേൾക്കുകയും ക്രിസ്തുവിൽ സ്നാനം ഏൽക്കുകയും പുതിയ നിയമ ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. മാനസ്സാന്തരശേഷം തുടർച്ചയായി സഭയിൽ വരുക മാത്രമല്ല സഭയിൽ ഒരു സഹായികുടിയായിത്തീർന്നു. പ്രാർത്ഥനാഹോൾ തുടർച്ചയായി വൃത്തിയാക്കുന്ന ജോലി ചെയ്തുപോന്നു. തന്റെ പ്രായാധിക്യവും സഭയിലെ ജോലിഭാരവും കണക്കിലെടുത്ത് സഭ അവർക്ക് എല്ലാമാസവും ഒരു ചെറിയ ധനസഹായം ചെയ്തുപോന്നു. ഇപ്പോൾ അവർ 3.76 X 2.76 മീറ്റർ വിസ്തീർണ്ണമുള്ള ഒരു കൊച്ചു മുറിയിൽ താമസിക്കുന്നു. അത് ഒരു ദയയുള്ള അയല്ക്കാരന്റെ സംഭാവനയാണ്.

ഒന്നാം നിലയിലുള്ള ഒരു വാടക കെട്ടിടത്തിലാണ് ആരാധന

നടക്കുന്നത്. ഇപ്പോൾ ആരാധനയ്ക്ക് വരുന്ന എൺപത് വിശ്വാസികളെ ഉൾക്കൊള്ളുവാൻ സ്ഥലം പോരായ്കയാൽ ആ സഭയിൽ ശുശ്രൂഷിക്കുന്ന സഹോദരൻ 2005 നവംബറിൽ ഇപ്രകാരം പറഞ്ഞു. നമുക്ക് സ്വന്തമായി ഒരു സ്ഥലവും ആരാധനാലയവും ആവശ്യമായിരിക്കുന്നു. ഈ വാർത്ത ആ വിധവയായ സ്ത്രീയുടെ ഹൃദയത്തെ സ്പർശിച്ചു. അവർ പതിനാറായിരത്തി അഞ്ഞൂറു രൂപയുമായി മുന്നോട്ട് വന്ന് ഇപ്രകാരം പറഞ്ഞു ഇത് മതിയാകുകയില്ല എങ്കിലും ഞാൻ ആദ്യം തരുന്നു. ഇത് കണ്ട് ശുശ്രൂഷക്കാരൻ പരിഭ്രാന്തിയോടെ വേണ്ട! ഇത് നിങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുകയെന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും അവർ പിന്മാറാതെ ഇപ്രകാരം പറഞ്ഞു ദയവായി സ്വീകരിക്കുക. ഇത് പാഴാക്കാതെ ശരിയായി ഉപയോഗിക്കുക. ഇത് എനിക്ക് ദൈവം തന്നു ഞാൻ നിത്യജീവനായിട്ട് ഇത് ദൈവത്തിന് തിരികെ നൽകുന്നു.

ഈ പ്രവർത്തനത്തിലൂടെ അവർ ഈ ധനത്തിന്റെ ഉറവിടത്തെക്കുറിച്ച് വ്യക്തമാക്കി പോസ്റ്റാഫീസ് സമ്പാദ്യ പദ്ധതിയിലൂടെ ഈ ധനം വർദ്ധിക്കുക. മാത്രമല്ല ഇരട്ടിയിലധികമായി തീർന്നു. ഇത് ആരാധനാലയത്തിന്റെ പണിക്കായി ഏല്പിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ഇതിൽ നിന്നും ഒരു വിഹിതം തിരികെ വാങ്ങണം എന്ന വാക്കോടെ സഹോദരന്മാർ പണം സ്വീകരിച്ചു. അതിൻപ്രകാരം നാനൂറ് രൂപ ആ സ്ത്രീ തിരികെ വാങ്ങി. തുടർന്നു തന്റെ യൗവ്വനകാലമത്രയും ധരിച്ചിരുന്ന സ്വർണ്ണ മോതിരം അവർ ഊരി കെട്ടിടം പണിക്കായി ഏല്പിച്ചു. അതിന്റെ വില രണ്ടായിരത്തി അഞ്ഞൂറ് രൂപയായിരുന്നു.

ഇത് മനോഹരവും ശക്തവുമായ ഒരു കഥയാണ്. പാവപ്പെട്ടവളും വിധവയുമായ ഒരു ക്രിസ്തീയ സഹോദരി ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പരിധികൾക്കതീതമായി ദൈവരാജ്യത്തിനു വേണ്ടി ചെയ്തു. മത്തായി 6:23-ൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ മുന്നമേ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുന്നവർക്ക് ഒരു നല്ല ഉദാഹരണമാണ് ഈ സഹോദരി. ഈ സമർപ്പണം അത്ഭുതാവഹമാണ്. യാക്കോബിന്റെ ലേഖനം 2:5-ൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസ

ത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനവും ചെയ്തു രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന് തിരഞ്ഞെടുത്തില്ലയോ? അപ്രകാരം ദരിദ്രരും ദൈവത്തെ അറിഞ്ഞവരും തങ്ങളുടെ യൗവനത്തിൽ ക്രിസ്തു സേവയിൽ വിശ്വസ്തരായിരിക്കുന്നു.

ഈ പാവപ്പെട്ടവൾക്ക് വിദ്യാഭ്യാസവും, ശ്രേഷ്ഠമായ കഴിവുകൾ, ശ്രേഷ്ഠത, തന്റെ സമപ്രായക്കാരിൽ കവിഞ്ഞ വിശേഷതകൾ, സ്വാധീനങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും ദാരിദ്ര്യത്തിലും കഴിവുകേടും നിറഞ്ഞ തന്റെ ജീവിതത്തിൽ ദൈവത്തിനു വേണ്ടി പ്രവർത്തിക്കുവാനുള്ള ദൃഢപ്രതിഷ്ഠയോടു കൂടി മുന്നേറുന്നു. യൗവ്വനത്തിൽ ദുഃഖവും ദാരിദ്ര്യവും അനുഭവിച്ച ഒരു വ്യക്തിക്ക് എങ്ങിനെ ഇപ്രകാരമുള്ള തീക്ഷ്ണതയും സമർപ്പണവും ഉണ്ടായി എന്ന് ചോദിക്കുവാൻ ഒരുവൻ തുനിഞ്ഞാൽ അതിനുള്ള ഉത്തരം കൊരിന്ത്യർ 8:1-5 അപ്പൊസ്തലനായ പൗലൊസ് മക്കദോന്യയിൽ ഉള്ള ക്രിസ്ത്യാനികളുടെ ദാനത്തെ പ്രകീർത്തിച്ചെഴുതിയിരിക്കുന്നു. സഹോദരന്മാരെ മക്കദോന്യ സഭകൾക്ക് ലഭിച്ച ദൈവകൃപ ഞങ്ങൾ നിങ്ങളോടു അറിയിക്കുന്നു. കഷ്ടത എന്ന കഠിനശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായിത്തീർന്നു. വിശുദ്ധന്മാരുടെ സഹായത്തിനുള്ള ധർമ്മവും കൂട്ടായ്മയും സംബന്ധിച്ച് അവർ വളരെ താല്പര്യത്തോടെ ഞങ്ങളോട് അപേക്ഷിച്ചു പ്രാപ്തി പോലെയും പ്രാപ്തിക്ക് മീതെയും സ്വമേധയായി കൊടുത്തു എന്നതിന് ഞാൻ സാക്ഷി. ഞങ്ങൾ വിചാരിച്ചതു പോലെയല്ല അവർ മുമ്പു തന്നെ കർത്താവിന്നും പിന്നെ ദൈവേഷ്ടത്തിനൊത്ത വണ്ണവും ഞങ്ങൾക്ക് ഏല്പിച്ചു.

ഭൗതിക ആവശ്യങ്ങൾക്കായി കഷ്ടപ്പെടുകയെന്നുള്ളത് മനുഷ്യസഹജമായ ഒരു കാര്യമാണ് പ്രതികൂലവേളയിലും ഉല്പാദികളോടും കൂടി അതിനു വേണ്ടി യത്നിക്കുന്നു. എന്നാൽ ദൈവത്തിനു വേണ്ടി ത്യാഗോന്മുഖമായി കൊടുക്കുക എന്നത് ഒന്നാമതായി തങ്ങളെ തന്നെ അഥവാ സ്വയമായി ദൈവത്തിനു വേണ്ടി സമർപ്പിക്കുക. യാക്കോബ് ഇപ്രകാരം സൂചിപ്പിക്കുന്നു. ദാരിദ്ര്യം എന്നത് ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നതിൽ വിശ്വാസത്തിൽ ഉള്ള

സമ്പന്നതയാണ്. വെളിപാട് 2:9-ൽ സമ്പൂർണ്ണ സഭയെക്കുറിച്ച് കർത്താവ് പറയുന്നു ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു എങ്കിലും നീ ധനവാനാകുന്നു. ഇപ്രകാരമുള്ള ഒരു വ്യക്തിപരമായ സമർപ്പണമാണ് കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഇപ്രകാരമുള്ള ദാനങ്ങളെ ക്കുറിച്ച് കർത്താവും അപ്പൊസ്തലന്മാരും പഠിപ്പിച്ചു. ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായത് ദൈവത്തിനായി സമർപ്പിക്കുക ഇവിടെ ധനവാനെന്നും ദരിദ്രനെന്നും വ്യത്യാസമില്ലാ. എന്തുകൊണ്ടെന്നാൽ ഇത് ഒരു മനഃപൂർവ്വ ദാനമാകുന്നു. മോശയുടെ ന്യായപ്രമാണ പ്രകാരം എല്ലാ യെഹൂദനും ദൈവത്തിനു വേണ്ടി സ്വമേധയാ ദാനങ്ങൾ കൊടുക്കുവാൻ അവസരം ഉണ്ടായിരുന്നു. പുറപ്പാട് 36:2-7. എന്നാൽ ദശാംശം അഥവാ പത്തിൽ ഒന്ന് എന്ന നിർബ്ബന്ധ ദാനങ്ങളും കല്പിച്ചിരിക്കുന്നു. തങ്ങളുടെ എല്ലാവിധ വരുമാനങ്ങളും പത്തിൽ ഒന്ന് ദൈവത്തിനായി വേർതിരിക്കണം ലേവ്യാ പുസ്തകം 27:30-32.

പല സഭാവിഭാഗങ്ങളും (ഉദാ: പാസ്റ്റർമാർ, പ്രീസ്റ്റ്, ബിഷപ്പ് തുടങ്ങിയവർ) പഴയ നിയമത്തിലെ ദശാംശത്തിന്റെ നിയമത്തെ യേശുവിന്റെ അനുയായികളുടെ മേൽ അടിച്ചേൽപിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തോടു കൂടി ഇത് മാറ്റപ്പെട്ടു. എബ്രായർ 7:12-ൽ വായിക്കുന്ന പൗരോഹിത്യം (പഴയ നിയമം) മാറ്റപ്പെട്ടു അഹരോന്റെ പൗരോഹിത്യത്തിന് മാറ്റം വന്നിട്ട് മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യമായ പൗരോഹിത്യം യേശുക്രിസ്തുവിനാൽ സ്ഥാപിതമായി - കൊലോസ്യർ 2:14 അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്നും നീക്കിക്കളഞ്ഞു.

നമ്മെ ഭരിക്കുന്നതായ സർക്കാർ നിശ്ചയിക്കുന്ന പത്തു ശതമാനം നികുതി അപ്രകാരമുള്ള നിയമങ്ങൾ അനുസരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ,റോമ. 13:1-7. രാജ്യത്തിന്റെ പൗരൻ എന്ന നിലയ്ക്ക് എല്ലാ നികുതികളും അടയ്ക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. അതിനപ്പുറം വേറെ ഒഴികഴിവുകളില്ല. എന്നാൽ ക്രിസ്തുവിന്റെ പുതിയ നിയമത്തിൽ ദൈവം ജനങ്ങളെ ദശാംശത്താൽ ബന്ധിച്ചിട്ടില്ല. അതു

കൊണ്ട് പ്രസംഗകനോ, പാസ്റ്ററോ, പ്രീസ്റ്റോ തുടങ്ങി ആർക്കും സഭയിൽ നിന്ന് ദശാംശം പിരിക്കുവാൻ അധികാരമില്ല. ദശാംശം എന്നത് ക്രിസ്തുവിന്റെ നിയമത്തിൽപ്പെട്ട കാര്യമല്ല-ഗലാത്യർ 6:10, റോമർ 8:2 പെസഹ, പെന്തെക്കൊസ്തു പെരുന്നാൾ, ശബത്ത് തുടങ്ങിയവ കൊലൊസ്യർ 2:14-16 എന്നാൽ ക്രിസ്ത്യാനികൾക്കായ് പരിശുദ്ധാത്മാവ് പൗലൊസിൽക്കുടി കല്പിച്ചിരിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ (ഞായറാഴ്ച) നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളത് തന്റെ പക്കൽ കരുതിവച്ചുകൊള്ളേണം 1 കൊരിന്ത്യർ 16:2.

കുറിപ്പ്: ഇത് ക്രിസ്ത്യാനികൾ കൊടുക്കേണ്ട ശതമാനത്തെക്കുറിച്ച് ഇവിടെ വ്യക്തമാക്കുന്നില്ല. എന്നാൽ പ്രാപ്തിക്കൊത്തവണ്ണം ഇത് ഒരു മനഃപൂർവ്വദാനം ഇതേ അപ്പൊസ്തലൻ തന്നെ വിതയേയും കൊയ്ത്തിനേയും കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ധാരാളമായി വിതക്കുന്നവൻ ധാരാളമായ് കൊയ്യും. ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും എന്നതു തങ്ങളുടെ ദാനത്തിന്റെ ഗുണവും ശ്രേഷ്ഠതയും വിവരിക്കുന്നു.

2 കൊരിന്ത്യർ 3:6-7 എന്നാൽ ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊള്ളുവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ സങ്കടത്തോടെ അരുത് നിർബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

ക്രിസ്ത്യാനികൾ എത്ര ശതമാനം കൊടുക്കണം എന്നതിനെ കുറിച്ച് തിരുവചനം അനുശാസിക്കുന്നില്ല. മനഃപൂർവ്വമായി സന്തോഷത്തോടെ കൊടുക്കുന്നവർക്ക് ദൈവിക ജ്ഞാനവും സന്തോഷവും അനുഭവിക്കാൻ കഴിയും. അതുകൊണ്ടുണ്ടാകുന്നു മേൽപറഞ്ഞ സഹോദരി തന്റെ നിക്ഷേപം ദൈവത്തിനായി സമർപ്പിച്ചത്. മനഃപൂർവ്വദാനം എന്നത് എത്രയായിരിക്കണം എന്നതിനെക്കുറിച്ച് പലരും ചിന്തിക്കുന്നത് പോലെ ചില വ്യക്തമായ സുചനകൾ തിരുവെഴുത്തുകളിൽ നാം കാണുന്നു. ഇത് നമ്മുടെ സംശയങ്ങളെ ദുരീ

കരിക്കുവാൻ ഉതകുന്നതാകയാൽ സ്വമേധയായ ദാനങ്ങളെക്കുറിച്ച് ദൈവദാസന്മാർ തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

റോമ 15:4 എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട് നമുക്ക് തിരുവേഴ്ത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു.

1. അപ്രകാരം ഒരുദാഹരണം : അബ്രഹാം സീനായി മലയിൽ മോശക്ക് ന്യായപ്രമാണം ലഭിക്കുന്നതിന് നാനൂറ് വർഷം മുൻപ് പൂർവ്വീകരുടെ ആചാരപ്രകാരം ജീവിച്ചു. ഈ വിശ്വാസവീരൻ ദൈവത്തിന്റെ പുരോഹിതനായ മല്ക്കിസദേക്കിന് ദശാംശം കൊടുത്തു. ഉല്പത്തി 14:18-20.

2. സമാനമായ മറ്റൊരുദാഹരണം: യാക്കൊബ് അബ്രഹാമിന്റെ കൊച്ചു മകൻ രണ്ടു തലമുറകൾക്ക് ശേഷം തൊഴിൽ ഇല്ലാതെ അലയുമ്പോൾ നീ എനിക്ക് നൽകുന്ന സകല നന്മയിലും ദശാംശം തരുമെന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുന്നു. ഉല്പത്തി 28:2-22.

3. പുതിയ നിയമത്തിൽ പങ്കുകാരനായി സക്കായി ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ കർത്താവിനോട് പറയുന്നു. കർത്താവേ എനിക്കുള്ളതിൽ പകുതി ഞാൻ ദരിദ്രർക്കായി കൊടുക്കുന്നു. ലുക്കൊസ് 19:18 ഇത് മനഃപൂർവ്വ ദാനത്തിന് നല്ല ഒരു ഉദാഹരണം. ധനത്തിൽ പകുതി ദൈവത്തിനും ദൈവവേലക്കുമായി.

4. ലൂക്കൊസ് അതുപോലെ വ്യക്തമായ ഒരു ഉദാഹരണം കുടെ രേഖപ്പെടുത്തിയിരിക്കുന്നു. മനഃപൂർവ്വ ദാനത്തെക്കുറിച്ച് യേശു തലപൊക്കി നോക്കിയപ്പോൾ ധനവാനായ ഒരു മനുഷ്യൻ ഭണ്ഡാരത്തിൽ പണമിടുന്നത് കണ്ടു. അതുപോലെ ഒരു വിധവയും തന്റെ കയ്യിലുണ്ടായിരുന്ന രണ്ട് വെള്ളിക്കാശ് ഇട്ടു. ഇത് കണ്ടിട്ട് യേശു പറഞ്ഞത് അവരെല്ലാവരിലും അധികം ഇട്ടത് വിധവയാകുന്നു. മറ്റുള്ളവർ തങ്ങളുടെ സമൃദ്ധിയിൽ നിന്ന് ഇട്ടപ്പോൾ ആ വിധവ മതന്റെ നൂറ് ശതമാനവും ദൈവത്തിനായി കൊടുത്തു. അവൾ ദൈവത്തെ സ്നേഹിച്ചതു കൊണ്ട് അങ്ങനെ ചെയ്തു.

ആകയാൽ ദൈവസന്നിധിയിൽ മനപൂർവ്വമായി ചെയ്യുന്ന കാര്യങ്ങളും ശതമാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ദൈവജനമേ മനഃപൂർവ്വമായും സന്തോഷത്തോടും കൂടി പരിധികളില്ലാതെ എല്ലാ നന്മകളിൽ നിന്നും ദൈവത്തെ മാനിക്കുക. ഇത് ചെറുതോ വലുതോ ഒരു ശരിയായ ദാനം പത്തിലും നൂറ് ശതമാനത്തിലും അറിയുക. വളരെ ലഭിച്ചവരോട് വളരെ ആവശ്യപ്പെടും. ലൂക്കോസ് 12:48. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★

# സ്ത്രീ പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇടണോ

## ബെറ്റി ബി.സി.

ആരാധനയിലും പ്രാർത്ഥനയിലും സ്ത്രീ തന്റെ തല, തൊപ്പി കൊണ്ടോ മൂടുപടം കൊണ്ടോ മൂടിയിരിക്കണം എന്നു പറയുന്നവർ ഉണ്ട്. മറ്റുള്ളവർ പറയും അതിന്റെ ആവശ്യമില്ല എന്ന്. ഈ കുഴപ്പത്തിനു കാരണം തലയെയും മൂടുപടത്തെയും സംബന്ധിച്ച് തെറ്റായി വ്യാഖ്യാനിക്കയും തെറ്റിദ്ധരിക്കയും ചെയ്തുകൊണ്ടാണ് (1 കൊരിന്ത്യർ 11:3-16). “എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയണം”.

ഈ വേദഭാഗത്തിന്റെ ആരംഭത്തിൽ തന്നെ അധികാരം എന്ന ചോദ്യത്തിനുള്ള ഉത്തരം വിശദീകരിക്കയാണ്. തല മൂടുന്നതു രണ്ടാമതായി വരുന്ന കാര്യമാണ്. നിർദ്ദിഷ്ട അധികാരികൾക്കു കീഴ്പ്പെടുന്നതായിട്ടാണ് അത് ചർച്ച ചെയ്യപ്പെടുന്നത്. ദൈവ വ്യവസ്ഥയിൽ ഭൗതിക തലക്കു, ആത്മീയ തലയെ ആദരിക്കയും അനാദരിക്കയും ചെയ്യാം. അങ്ങനെ ഒരു പുരുഷനു തന്റെ തലമുടി കൊണ്ടു അവന്റെ ആത്മീയ തലയായ ക്രിസ്തുവിനെ അപമാനിക്കാം. അതുപോലെ ഒരു സ്ത്രീക്കു തന്റെ തല മൂടാതെ അവളുടെ തലയായ ഭർത്താവിനെ അപമാനിക്കാം. ആ വേദഭാഗം മറ്റെന്തു പഠിപ്പിച്ചാലും ശരി

ദൈവം സ്ഥാപിച്ചിരിക്കുന്ന അധികാര ക്രമത്തെ നാം കണ്ടില്ലെന്നു നടിക്കരുത്. ഏതുതരത്തിലുള്ള മൂടുപടമാണ് വാസ്തവത്തിൽ ധരിക്കേണ്ടത് എന്നതിനെ കുറിച്ച് നാം വാദിക്കയും തർക്കിക്കുകയും ചെയ്താൽ ആത്മാർത്ഥതയോടെ നാം തെറ്റായ പര്യവസാനത്തിൽ എത്തിച്ചേരും. അതിനു ദൈവം ക്ഷമാപണം നല്കും. പക്ഷെ വ്യക്തമായി പഠിച്ചിരിക്കുന്ന കാര്യം നാം കാണാതിരിക്കരുത്. ഏതു പുരുഷന്റേയും തല ക്രിസ്തു, ഏതു സ്ത്രീയുടേയും തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്ന ദൈവിക വ്യവസ്ഥയെ നാം അവഗണിക്കരുത്.

മൂടുപടം ഇട്ടു പ്രാർത്ഥിക്കലോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. അത് അവൾ ക്ഷൗരം ചെയ്യിച്ചതു പോലെയല്ലൊ. സ്ത്രീ മൂടുപടം ഇട്ടുകൊള്ളട്ടെ. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ് ആകുന്നു. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നൽകിയിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?

മുടി എങ്ങനെ കൈകാര്യം ചെയ്യണമെന്നു ദൈവം മാത്രമല്ല പറഞ്ഞിട്ടുള്ളത്. അത് ഒരു വ്യക്തിയുടെ ബന്ധത്തെ കാണിച്ചു കൊടുക്കുന്ന ഒരു രീതിയാണത്. നമ്മുട ഹൃദയവുമായുള്ള നമ്മുടെ ബന്ധത്തെ സൂചിപ്പിക്കുന്ന പ്രവൃത്തിയാണത്. എല്ലാ ആചാരങ്ങളും മുടിയെകുറിച്ച് പറയുന്നുണ്ട്. ചരിത്രത്തിൽ പോലും ഒരാളുടെ മുടി എങ്ങനെ സൂക്ഷിക്കുന്നു എന്നതിനെ പ്രതിപാദിക്കുന്നുണ്ട്. ഒരാളുടെ ജീവിതശൈലി, തീരുമാനങ്ങൾ, ധാർമ്മികത, മതപരമായ വിശ്വാസം എന്നിവ എടുത്തു കാണിക്കാറുണ്ട്.

പഴയ നിയമം മുഴുവനും പുതിയ നിയമത്തിലെ യഹൂദ പശ്ചാത്തലവും തല അനാവരണം ചെയ്യുക എന്നു പറഞ്ഞാൽ ക്ഷൗരം ചെയ്യുക എന്നതാണ് അർത്ഥമാക്കുന്നത് (ലേവ്യാ പുസ്തകം 10:1).

നാദാബും അബീഹുവും അവരുടെ അകൃത്യം നിമിത്തം കൊല്ലപ്പെട്ടപ്പോൾ അഹരോൻ മുടി ക്ഷൗരം ചെയ്യുന്നത് വിലക്കിയിരുന്നു. അവരുടെ ആചാരം അതായിരുന്നു. ഇയ്യോബിന്റെ മക്കൾ കൊടുങ്കാറ്റിൽ അകപ്പെട്ടു. മരണമടഞ്ഞ വാർത്ത കേട്ടപ്പോൾ അവൻ തന്റെ വസ്ത്രം കീറി, തല ക്ഷൗരം ചെയ്യുകയുമുണ്ടായി.

പ്രാചീന റോമിലെ ഗ്യാലറിയിൽ ധാരാളം കൊത്തുപണികളും ചിത്രരചനയുമുണ്ട്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെ പ്രതിനിധാനം ചെയ്യുന്നവയാണ് അവ. അവയിൽ ഒന്നിലും സ്ത്രീകൾ ആരാധിക്കുമ്പോൾ തല മൂടിയിരിക്കുന്നതായി കാണുന്നില്ല. അവരുടെ മുടി അവർക്കു ഒരുക്കവും തേജസും ആയിരുന്നു.

മദ്ധ്യനൂറ്റാണ്ടുകളോടെയാണ് റോമർ കത്തോലിക്കാ സഭ രൂപം കൊണ്ടത്. ആ കാലയളവിലെ ചിത്രരചനകളിൽ മാത്രമാണ് ആരാധനയിൽ സ്ത്രീകൾ മുടുപടം ഇട്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയിൽ നിന്ന് വേർപിരിഞ്ഞ ചില നാമധേയ വിഭാഗങ്ങൾ ഇത് ഒരു മതപരമായ ആചാരമായി പരിശീലിപ്പിക്കപ്പെടുന്നുണ്ട്.

വിഗ്രഹാരാധാകരായ അന്യമതക്കാർ അവരുടെ സ്ത്രീകളുടെ തൊഴിലിനനുസരിച്ച് തല മുണ്ഡനം ചെയ്യിക്കയോ മുടി വെട്ടിക്കുകയോ ചെയ്തിരുന്നു. കൊരിന്ത്യ പട്ടണത്തിൽ ഒന്നാം നൂറ്റാണ്ടിൽ ഈ സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഒരു ക്രിസ്തീയ സ്ത്രീ അപ്രകാരം ചെയ്യുന്നതു ലജ്ജാകരമാണ്. കാരണം അവളും തന്റെ ഭർത്താവും തമ്മിലുള്ള ബന്ധത്തെ അവഗണിക്കാവുന്നതല്ല. മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവൾ ആരാണെന്ന് ബോധ്യമാക്കേണ്ടതുണ്ട്.

ഇതിനു സമാന്തരമായി ചില സ്ത്രീകൾ പരിഷ്കൃത രീതിയിൽ മുടി വെട്ടി നടക്കാറുണ്ട്. ഒരിക്കലും ക്രിസ്തീയ വനിതകൾ വചനവിരുദ്ധമായ മാതൃക ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതല്ല. അവൾ ഒരിക്കലും തനിക്കു ലജ്ജ ഉണ്ടാക്കുകയോ തന്റെ ഭർത്താവിനെ ആദരിക്കാതിരിക്കയോ ചെയ്തുകൂടാ. മുടി നീട്ടി വളർത്തുന്ന ഹിപ്പികൾ ഉണ്ട്. പുരുഷന്മാർക്ക് നിഷിദ്ധമായ ഈ പരിഷ്കാരം ക്രിസ്തീയ പുരുഷന്മാർക്ക് ഭൂഷണമല്ല. ദൈവത്തിന്റെ വ്യവസ്ഥാ

പിതമായ അധികാരത്തെ അറിഞ്ഞു ബഹുമാനിക്കയും കീഴ്പ്പെട്ടിരിക്കയും ചെയ്യാൻ നാം ശീലിക്കണം.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ; സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലൊ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നു ഉണ്ടായതു പോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ."

"ദൂതൻ മുഖാന്തരം" എന്നു പറഞ്ഞാൽ അവർ ആരാണ്? വീണുപോയ ദൂതന്മാരാണ്. മനുഷ്യരെ ദൈവം സൃഷ്ടിച്ചപ്പോൾ ദൂതന്മാരിൽ നിന്നും വ്യത്യസ്തമായ ഉദ്ദേശത്തോടെയാണ് സൃഷ്ടിച്ചത്. അത് നാം മനസ്സിലാക്കിയാൽ സ്ത്രീ മൂടുപടം ധരിക്കേണ്ട ആവശ്യകതയും തിരിച്ചറിയും. സ്ത്രീ പുരുഷനു വിധേയപ്പെട്ടിരിക്കണമെന്ന് പറയുമ്പോൾ അത് അടിമത്വത്തെയല്ല സൂചിപ്പിക്കുന്നത്. മറിച്ച് ബഹുമാനം പ്രകടിപ്പിക്കലാണ്. പലർക്കും ദൈവത്തോടുള്ള ബന്ധവും മനുഷ്യർക്കു തമ്മിൽ തമ്മിലുള്ള ബന്ധവും എങ്ങനെ ആയിരിക്കണമെന്ന് അറിവില്ല.

എക്കാലവും ദൈവികമായ നിയമം മനുഷ്യബന്ധങ്ങളെ ഉറപ്പിക്കുന്നതും ജീവിതത്തെ സ്വസ്ഥതയിൽ നിലനിർത്തുന്നതും ആണ്. പക്ഷെ ഭൂരിഭാഗം പേരും ദൈവവചനം പറയുന്നത് പൂർണ്ണമായി സ്വീകരിക്കാറില്ല. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ നിലനിർത്തുന്നതിലാണ് ആളുകൾക്കു താല്പര്യം. പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമാകണമെങ്കിൽ നമ്മുടെ ഹൃദയം അവന്റെ മുമ്പിൽ താഴ്ത്തി സമർപ്പിക്കണം. കാരണം ദൈവസഹായമില്ലാതെ നമുക്കു ഈ ഭൂമിയിൽ നിലനില്ക്കാൻ സാധ്യമല്ല. അതു സ്ത്രീയായാലും പുരുഷനായാലും വാസ്തവമത്രെ. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ വാദം ഒഴിവാക്കി തിരുവെഴുത്തിന് കീഴ്പ്പെടുക.

# ക്രിസ്തുവിൽ ആകുക എന്നാലെന്താണ്

**ജെ.സി. ചോട്ട്**

ക്രിസ്തുവിലാകുന്നതിനെ കുറിച്ച് ധാരാളം വേദഭാഗങ്ങൾ നമുക്കു ബൈബിളിൽ നിന്നു വായിക്കാം. എന്താണ് ക്രിസ്തുവിൽ ആകുക എന്നു പറഞ്ഞാൽ? അതിനർത്ഥം ക്രിസ്തുവിനു കീഴ്പ്പെടുക എന്നതാണ്. അതായതു ക്രിസ്തുവിന്റെ ഉപദേശത്തിലാകുക എന്നർത്ഥം. ചില വാക്യങ്ങൾ നമുക്കു വായിക്കാം. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, “ആദാമിൽ എല്ലാവരും മരിക്കുന്നതു പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും” (1 കൊരിന്ത്യർ 15:22). വീണ്ടും അവൻ പറഞ്ഞു, “ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്ത്രോത്രം” (2 കൊരിന്ത്യർ 2:14). 2 കൊരിന്ത്യർ 5:17-ൽ പൗലൊസ് പറഞ്ഞു, “ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. 2 കൊരിന്ത്യർ 11:3-ൽ പൗലൊസ് മുന്നറിയിച്ചു. “എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.”

ക്രിസ്തുവിൽ ആയിത്തീരുന്നതിനെക്കുറിച്ചു സുചിപ്പിച്ച വാക്യങ്ങളെ വിട്ടു നമുക്ക് ഇനി എഫെസ്യർ 1:10-14 വരെ ഒന്നു നോക്കാം: “അതു സ്വർഗ്ഗത്തിലും ഭൂമിയിലുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു. തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നറിയിക്കപ്പെട്ടതു മുമ്പിൽക്കൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച കാക്കേണ്ടതിനു തന്നെ. അവനിൽ നിങ്ങൾക്കും നിങ്ങളുടെ

രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ ജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." പിന്നെ 1 തെസ്സലൊനിക്യർ 4:16-ൽ നാം വായിക്കുന്നു, "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും."

ഇപ്പോൾ വായിച്ച വേദഭാഗങ്ങളിൽ എന്താണ് അർത്ഥമാക്കിയിരിക്കുന്നത്? അവസ്ഥയിലെല്ലാം ഒരു കാര്യം പൊതുവായിട്ടുണ്ട്. അവ ഓരോന്നും ക്രിസ്തുവിൽ ആകുന്നതിനെക്കുറിച്ചാണ് പറയുന്നത്. എങ്ങനെ ഒരാൾക്ക് ക്രിസ്തുവിലാകാൻ കഴിയും എന്ന ചോദ്യത്തിലേക്കു നാം കടക്കുകയാണ്. ക്രിസ്തുവിൽ ആകുക എന്നാൽ രക്ഷിക്കപ്പെടുക എന്നാണ്. ഒരു വ്യക്തിയുടെ രക്ഷക്കു കർത്താവു കല്പിച്ചിട്ടുള്ളതു അനുസരിച്ചാലത്രെ കർത്താവു രക്ഷിക്കുന്നത്. അതിൽ വിശ്വാസം മാത്രം പോരാ പ്രവൃത്തികളും ഉണ്ടാകണം. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെടുന്നവരെയാണ് കർത്താവ് രക്ഷിക്കുന്നത്. രക്ഷിക്കപ്പെടുന്നവരാണ് പുതിയ സൃഷ്ടികളായിത്തീരുന്നത്. അവർക്കാണ് വിജയവും പ്രത്യാശയും ഉള്ളത്. ക്രിസ്തുവിൽ ആയവർക്ക് ശിക്ഷാവിധിയില്ല. അവർക്കു വാഗ്ദാനം ചെയ്ത എല്ലാ ആത്മിക അനുഗ്രഹങ്ങളും ഉണ്ട്. അവൻ പറയുന്നതു ശ്രദ്ധിക്കുക: "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (എഫെസ്യർ 1:3). എഫെസ്യയിലെ ക്രിസ്ത്യാനികളോട് അവർ സകല സ്വർഗ്ഗീയാനുഗ്രഹത്താലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു പൗലൊസ് അവരെ ഓർമ്മിപ്പിക്കുന്നു.

എന്തൊക്കെയാണ് ആ ആത്മികാനുഗ്രഹങ്ങൾ? രക്ഷ, പരിശുദ്ധാത്മാവിന്റെ ദാനം, സഭയിൽ സഹോദരങ്ങളായിത്തീരുക, കുറ്റാ

യ്മ, പ്രാർത്ഥിക്കുവാനുള്ള നേട്ടം, പാപമോചനം, നിത്യജീവൻ, പ്രത്യേകത എന്തെന്നാൽ ഈ അനുഗ്രഹങ്ങൾ ക്രിസ്തുവിൽ ഉള്ള വർക്കായി മാത്രം വെച്ചിരിക്കുന്നു. അതായതു ക്രിസ്തുവിനു പുറ ത്തുള്ളവർക്ക് ആ അനുഗ്രഹങ്ങൾ ലഭ്യമല്ല എന്നു സ്പഷ്ടം. ആ അനുഗ്രഹങ്ങൾ എല്ലാവർക്കുമായി വെച്ചിരിക്കയാണെങ്കിൽ ക്രിസ്തു വിലാകുന്നതും, ക്രിസ്ത്യാനിയാകുന്നതും, ദൈവപൈതലാകുന്നതും വലിയ പ്രയോജനമില്ലാതായിത്തീരും. ദൈവത്തെ അനുസരിക്കു ന്നവർക്കും അല്ലാത്തവർക്കും പ്രകടമായ വ്യത്യാസം ഉണ്ട് എന്ന കാര്യം മറക്കരുത്.

ജഡത്തെ അല്ല, ആത്മാവിനെ അനുസരിച്ചു നടക്കുന്ന, ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല (റോമർ 8:1). ഇവിടെ പറഞ്ഞതു മനസ്സിലാക്കുവാൻ, പൗലൊസ് പറഞ്ഞ ക്രിസ്തു വിലാകുക എന്ന പ്രയോഗം മനസ്സിലാക്കണം, രക്ഷിക്കപ്പെടുക, നിത്യജീവന്റെ പ്രത്യാശയുള്ളവരാകുക എന്ന അവസ്ഥയിലെത്തു ന്നവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല. കാരണം അവർ ജഡത്തെ അനുസരിച്ചു ആത്മാവിന്റെ പ്രവൃത്തികൾ അനുസരിച്ചാണ് ജീവി ക്കുന്നത്. ചുരുക്കി പറഞ്ഞാൽ ആത്മാവു നൽകിയ സത്യവചനത്തെ അനുസരിക്കുന്നു എന്നർത്ഥം. അങ്ങനെയുള്ളവരെ ദൈവം സംര ക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. കർത്താവിനുള്ളവരെ അവൻ അറിയുകയും അവർക്കു വേണ്ടതു നല്കുകയും ചെയ്യും. മരണത്തോളം വിശ്വസ്തത പുലർത്തിയാലേ അവസാനം നിത്യജീ വൻ പ്രാപിക്കയുള്ളു. അതിനു ദീർഘക്ഷമും സഹിഷ്ണുതയും ആവശ്യമാണ്.

അടുത്തതായി നമ്മുടെ മനസ്സിലേക്കു വരുന്ന ചോദ്യം എങ്ങനെ ഒരാൾക്ക് ക്രിസ്തുവിലാകാൻ കഴിയും എന്നതാണ്. ഒരാൾ ക്രിസ്തുവിലാണെന്നു വെറുതെ വിശ്വസിച്ചാൽ മാത്രം പോരാ. അതി നുള്ള നടപടി ക്രമങ്ങൾ ക്രിസ്തു ഒരുക്കിയിട്ടുണ്ട്. ധാർമ്മികമായി നല്ല ജീവിതം നയിച്ചുകൊണ്ട് ആർക്കെങ്കിലും ക്രിസ്തുവിൽ ആകാൻ കഴിയുമോ? ക്രിസ്തുവിന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു ക്രിസ്തുവി ലാകാൻ പറ്റുമോ? പാരമ്പര്യ സമ്പ്രദായങ്ങളിൽ ഊന്നി ആചാര ങ്ങൾ അനുഷ്ഠിച്ചാൽ ഒരാൾക്കു ക്രിസ്തുവിലാകാൻ സാധിക്കുമോ?

നമുക്കു തിരുവചനമാണ് പരിശോധിക്കുവാനുള്ള ആധികാരിക ഗ്രന്ഥം. റോമർ 6:3-ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു. “അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അപ്പോൾ സ്നാന മാണ് ക്രിസ്തുവിനോടു ചേരുവാനുള്ള ഒരു പാപസംബന്ധമായ ശരീരത്തെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്താലേ ഒരു പുതിയ മനുഷ്യനായി നമുക്ക് പുറത്തു വരുവാൻ കവിയു. യേശു വിന്റെ ക്രൂശിലെ മരണം പാപപരിഹാരത്തിനുള്ള ഒരു നിത്യയാഗമാ യിരുന്നു. ആ യാഗത്തോട് നാം ഏകീഭവിക്കേണ്ടതായിട്ടുണ്ട്. അതാ യതു കർത്താവിന്റെ മരണത്തിലും അടക്കത്തിലും ഉയിർത്തെഴു ന്നേല്പിലും നാം പങ്കുകാരായാൽ മാത്രമെ നമുക്ക് ക്രിസ്തുവിൽ ആകുവാൻ കഴിയൂ.

ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം ദൈവത്തിന്റെ മക്ക ളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റ നാം ക്രിസ്തു വിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26, 27). ഇതല്ലാതെ മറ്റേതെങ്കിലും വിധത്തിൽ ക്രിസ്തുവിലാകുവാൻ കഴിയുമോ? ബൈബിളിൽ വേറൊന്നും ഞാൻ വായിക്കുന്നില്ല. വേറെ ഏതെങ്കിലും വഴി ഉണ്ടാ കുമായിരുന്നെങ്കിൽ പൗലൊസ് അതു വ്യക്തമാക്കുമായിരുന്നു. എന്നാൽ അവൻ പറഞ്ഞിട്ടില്ല എന്നു മാത്രമല്ല മറ്റു എഴുത്തുകാരും പറഞ്ഞിട്ടില്ല. എന്നാൽ അപ്പൊസ്തലനായിരുന്ന പൗലൊസ് പരിശു ദ്ധാത്മ നിയോഗത്താൽ പ്രസ്താവിച്ച വേദഭാഗങ്ങളിൽ നിന്നു സ്നാനം ഒരു വ്യത്യാസവും ഇല്ലാതെ എല്ലാവരേയും ക്രിസ്തുവി ലാക്കുന്നു എന്നു സ്പഷ്ടമാണ്. ഒരാൾ സ്നാനം കൂടാതെ വിശ്വാ സത്താൽ രക്ഷ പ്രാപിക്കാമെന്നു പറയുകയാണെങ്കിൽ, അയാൾ പറയുന്നതു ക്രിസ്തുവിനു പുറത്തു രക്ഷയുണ്ടെന്നാണ്; ചിലർ കരു തുന്നതു രക്ഷിക്കപ്പെട്ട ശേഷം അയാൾക്കു ഒരു അടയാളമായി സ്നാനമേല്ക്കാം എന്നാണ്. ഇതാണോ തിരുവചനത്തിൽ നാം വായി ക്കുന്നത്? ഒരിക്കലുമല്ല. ഇന്നു തിരുവചനത്തെ കോട്ടി മറിച്ചു പഠി പ്പിച്ചു ആളുകളെ തെറ്റിദ്ധരിപ്പിച്ചിരിക്കായാണ് ഇത്തരം ആളുകൾ: തിരുവചനപ്രകാരം മാത്രമാണ് ഒരാൾ ക്രിസ്തുവിലാകുന്നത്.

സത്യത്തെ അംഗീകരിക്കുവാനാണ് നമുക്ക് മനസ്സു വേണ്ടത്. വീണ്ടും പൗലൊസ് പറയുന്നതു നാം സ്നാനം ഏല്ക്കുന്നതു ക്രിസ്തുവിന്റെ ശരീരത്തോടു ചേരുവാനാണ് എന്നത്രേ (1 കൊരിന്ത്യർ 12:13). അതിനർത്ഥം ക്രിസ്തുവിനോടു നമ്മെ ചേർക്കുന്ന അതേ സ്നാനമാണ് നമ്മെ അവന്റെ സഭയിലേക്കു ചേർക്കുന്നത് എന്നാണ്. അവന്റെ സഭയിലാകുക എന്നാൽ അവനിലാകുക എന്നതാണ്. അതല്ലെങ്കിൽ രക്ഷിക്കപ്പെടുക എന്നതാണ്. അപ്പോഴാണ് നാം കർത്താവിനുള്ളവരാകുന്നത്. അങ്ങനെയാണ് നമുക്ക് എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നത്, അതുമൂലമാണ് കല്ലറക്കപ്പുറം നിത്യജീവൻ ലഭിക്കുന്നത്.

✶

# സൽപ്രവൃത്തികൾക്കായി ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടു

**തോമസ് ആർ.ഡി.**

മനുഷ്യരെ സംബന്ധിച്ചു ദൈവത്തിന്നു പ്രത്യേക ഉദ്ദേശമുണ്ട്. നാം അതു മനസ്സിലാക്കാതെ ഇരിക്കരുത്. നാം അവന്റെ ഉദ്ദേശം മനസ്സിലാക്കി ജീവിച്ചാൽ നമ്മുടെ ജീവിതം അന്വർത്ഥമാകും. അതു ദൈവമുമ്പാകെ പ്രസാദകരമാകും, സഹമനുഷ്യർക്കും പ്രയോജനപ്രദമായിത്തീരും. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണം അല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫെസ്യർ 2:8-10).

ദൈവത്തിന്റെ കൃപയാൽ (പരോപകാര മനോഭാവം) നാം രക്ഷിക്കപ്പെടുന്നു. അതിനു നാം അവനിൽ വിശ്വസിക്കണം (രക്ഷക്കായുള്ള ആശയം). നാം അവനിൽ ആശ്രയിക്കുമ്പോൾ അവന്റെ

ഇഷ്ടത്തിനു കീഴ്പ്പെടും. അവൻ ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു നാം ചെയ്യുമ്പോൾ അവൻ നമ്മെ രക്ഷിക്കും (അഥവാ ശുദ്ധീകരിക്കും). പാപങ്ങളിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതാണ് രക്ഷ. പാപത്തെ നീക്കുവാനായി ആവശ്യമുള്ളതെല്ലാം (ക്രൂശ് മുഖാന്തരം) കർത്താവു ചെയ്തു. മനുഷ്യരാശിയുടെ പാപമെല്ലാം ദൈവം തന്റെ പുത്രന്റെ കാൽവരിയിലെ മരണത്തെ, യേശു മരിച്ചു ഉയിർത്തതിലൂടെ നീക്കം ചെയ്തു. ആ മരണം ദൈവത്തിൽ നിന്നുള്ള വേർപാടായിരുന്നു എങ്കിൽ യേശുവിന്റെ യാഗത്താൽ മനുഷ്യരെ ദൈവത്തോടു നിരപ്പിക്കുവാൻ കാരണമായി. ദൈവത്തിന്റെ ഔദാര്യ മനോഭാവത്താലാണ് (അനർഹമായ ഉപകാരത്താലാണ് നാം രക്ഷിക്കപ്പെടുന്നത്. കാരണം നമ്മെ സൗജന്യമായി രക്ഷിക്കുവാൻ ദൈവമാണ് പ്രവർത്തിച്ചത്. നമ്മുടെ രക്ഷക്കു വേണ്ടി ദൈവമുമ്പാകെ യോഗ്യതക്കായി നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. കാരണം നാമെല്ലാവരും പാപികളാണ്. ദൈവത്തിനു പാപികളെ ശിക്ഷിച്ചാൽ മതിയായിരുന്നു. കാരണം പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ 6:23).

മനുഷ്യരോടു ദൈവത്തിനു ആ കാര്യത്തിൽ ഒരു കടപ്പാടുമില്ല. ദൈവം മനുഷ്യർക്കു അവനെ അനുസരിക്കുവാനും അനുസരിക്കാതിരിക്കുവാനും സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. എങ്കിലും മനുഷ്യർ അങ്ങനെ നശിച്ചുപോകരുതല്ലോ എന്ന മനോഭാവത്താൽ മനുഷ്യരുടെ രക്ഷക്കു ഒരു പദ്ധതി ഒരുക്കി. ദൈവം ദയയും കരുണയും മനസ്സലിവും ഉള്ളവനാണ്. തന്റെ ഏകജാതനായ പുത്രനെ ദൈവം യാഗമാക്കുവാൻ അയച്ചു. ദൈവപുത്രന്റെ കുറ്റമില്ലാത്തതും തികവുള്ളതുമായ യാഗത്തിൽ ദൈവം സംപ്രീതനായി. ദൈവത്തിന്റെ അത്ഭുതാവഹമായ സ്നേഹം സർവ്വ മനുഷ്യർക്കുമായി അവൻ പ്രദർശിപ്പിച്ചു. ദൈവത്തിന്റെ പ്രവൃത്തിയിലൂടെ ദൈവമനസ്സു അവൻ വരച്ചുകാണിച്ചു. ആരും നഷ്ടപ്പെട്ടു പോകുന്നതു ദൈവത്തിനു ഇഷ്ടമല്ല (മത്തായി 18:14). യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ജനങ്ങൾക്കു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. സൽഗുണസമ്പന്നനായി ജീവിച്ച യേശുക്രിസ്തുവിന്റെ ജീവിതം കണ്ട് ആളുകൾ ദൈവത്തെ മഹത്വപ്പെടുത്തി. അതുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്ന നമ്മുടേയും ലക്ഷ്യം അതായിരിക്കണം. നാം മറ്റുള്ള

വർക്കു ഉപകാരപ്രദമായി ജീവിക്കണം എന്നർത്ഥം. ലോകത്തിൽ സ്വാർത്ഥതയാണ് നിറഞ്ഞുനില്ക്കുന്നത്. ദൈവം അനുഗ്രഹിക്കുന്ന ജീവിതം നിസ്വാർത്ഥമാണ്. ദൈവം ക്രിസ്ത്യാനികൾക്കു വേണ്ടി സൽപ്രവൃത്തികൾ മുന്നൊരുക്കിയിരിക്കയാണ്. അപ്പൊസ്തലന്മാരും അവരുടെ ജീവിതം ആത്മാക്കളുടെ രക്ഷക്കായി സമർപ്പിക്കുകയുണ്ടായി. അതുകൊണ്ടാണ് വചനം പറയുന്നതു നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം.

നാം ചെയ്യുന്ന പ്രവൃത്തികളിൽ ദൈവം പ്രസാദിക്കുമോ എന്നു ഓരോരുത്തരും ചിന്തിക്കണം. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കയും സേവിക്കയും ചെയ്യേണ്ടവരാണ് നാം. ആത്മ സേവനത്തിലൂടെ സാമൂഹ്യ സേവനമാണ് ദൈവപദ്ധതി. എന്നാൽ മനുഷ്യർ നേരെ മറിച്ചാണ്. ആത്മസേവനത്തെ ഗണ്യമാക്കാതെ സാമൂഹ്യ സേവനത്തിൽ മാത്രം ലക്ഷ്യമിടും. ഇതു ദൈവം ഉദ്ദേശിക്കുന്ന ഫലം ചെയ്യുകയില്ല. “അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും, ഉപദേഷ്ടക്കന്മാരുയം നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനക്കും ആകുന്നു.

അങ്ങനെ നാം ഇനി മനുഷ്യരുടെ പതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയായാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു (എഫെസ്യർ 4:11-16).

പേരിൽ മാത്രം ക്രിസ്ത്യാനിയായാൽ പോരാ. നാം യേശുക്രിസ്തു എന്ന ദൈവപുത്രന്റെ സ്വഭാവത്തിൽ വളർന്നു പക്വത പ്രാപി

ക്കണം. ക്രിസ്തുവിനെപോലെ ആകുന്നതു വരെ നാം വളർന്നു കൊണ്ടിരിക്കണം. അതിനു ദൈവത്തിൽ ആശ്രയവും, പ്രത്യാശയും, ഉറപ്പും ആവശ്യമാണ്. സ്ഥിരതയും വിശ്വസ്തതയും മുറുകെ പിടിക്കണം. നാം ദൈവസന്നിധിയിൽ തികഞ്ഞവരാകുവാൻ അവന്റെ ഇഷ്ടമനുസരിച്ചു അവനം പ്രസാദിപ്പിക്കണം. പിന്നെ നാം സ്നേഹത്തിൽ സത്യം സംസാരിക്കണം. ആകയാൽ അവന്റെ ശരീരത്തിലായ എല്ലാ അംഗങ്ങളും ക്രിസ്തു എന്ന തലയിൽ നിന്നു വളർച്ചക്കു ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കണം. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ഓരോരുത്തരും ശരീരത്തിന്റെ നിലനില്പിനും വളർച്ചക്കും വേണ്ടി പ്രവർത്തിക്കണം. യോജിച്ചു അവനവന്റെ പ്രവൃത്തി യുക്തമായി ചെയ്യണം. സ്നേഹത്തിൽ ഐകമത്യത്തിൽ ക്രിസ്തുവിനു വേണ്ടി ജീവിക്കണം.

നാം തമ്മിൽ തമ്മിലുള്ള ബന്ധവും ദൈവത്തോടുള്ള ബന്ധവും യോജിപ്പിച്ചുകൊണ്ടു പോകണം. ഓരോരുത്തരുടേയും ചിന്ത ആ രീതിയിലാകണം. പലർക്കും പറ്റുന്ന കുഴപ്പം അവർ ലൗകികമായി ചിന്തിക്കുന്നു എന്നതാണ്. അതുകൊണ്ടാണ് നിങ്ങളുടെ ചിന്ത ഉയരത്തിലുള്ളതിൽ ആയിരിക്കണം എന്ന് പൗലൊസ് പറയുവാൻ കാരണം. എന്തെല്ലാം സൽപ്രവൃത്തികളാണ് ദൈവം ക്രിസ്ത്യാനികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്? ധാരാളം പ്രവൃത്തികൾ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. പക്ഷെ ഒരു മനുഷ്യായുസിൽ എന്തെല്ലാം ചെയ്യുവാൻ കവിയും? എന്തൊക്കെ ചെയ്താലാണ് ദൈവം പ്രസാദിക്കുക. ജഡ രക്തബന്ധത്തിലുള്ളവരോടു ചെയ്യുന്ന സഹായം സൽപ്രവൃത്തിയാണോ? അതോ പ്രത്യുപകാരം പ്രതീക്ഷിച്ചു ചെയ്യുന്നതാണോ സൽപ്രവൃത്തികൾ? ഈ വിഷയത്തെക്കുറിച്ചു കർത്താവു എന്തു പഠിപ്പിച്ചു എന്നു നമുക്കു നോക്കാം.

“മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ ഇടയൻ ചെമ്മരിയാടുകലെയും കോലാടുകലെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും

കോലാടുകളെ ഇടത്തും നിർത്തും. രാജാവ് തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന്നു നീതിമാന്മാർ അവനോടു, കർത്താവേ ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നുത്തരം പറയും. രാതജാവു അവരോടു എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും.

യേശു ചെയ്ത ധാരാളം സൽപ്രവൃത്തികൾ ബൈബിളിൽ നിന്നു നാം വായിക്കുന്നുണ്ട്. അവയിൽ ഒന്നു നമ്മുടെ മനസിലേക്കു ശമര്യക്കാരെനിലൂടെ ആപത്തിൽ സഹായിക്കുക എന്നതു സൽപ്രവൃത്തിയായി ചിത്രീകരിക്കുന്നു. സഭ ആരംഭിച്ച ഉടനെ ക്രിസ്ത്യാനികൾ സഹോദരങ്ങളുടെ ആവസ്യം നിറവേറ്റുവാൻ അവരുടെ വസ്തുവകകൾ വിറ്റു അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊണ്ടുവന്നു വെച്ചിട്ടുണ്ട്. തുടർന്നു സഭയിൽ വിശ്വസ്തരായി ജീവിച്ച സ്ത്രീപുരുഷന്മാർ തങ്ങളുടെ താലന്തുകൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്ത്യാനികൾ ൽപ്രവൃത്തിയിൽ മുമ്പന്മാരായി തീരണം. അതാണ് ദൈവഹിതം. അതിനു വേണ്ടിയാണ് ദൈവം നമ്മെ പുതിയ സൃഷ്ടികളാക്കിയിരിക്കുന്നത്.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378